പാഠം 11

# യുദ്ധത്തിൽനിന്നു വിജയത്തിലേക്ക്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: എഫെസ്യർ 6:12; ദാനിയേൽ 10; എസ്രാ. 4:1–5; യോശുവ 5:13–15; വെളി 1:12–18; കൊലൊസ്യർ 2:15; റോമർ 8:37–39.**

**മനഃപാഠവാക്യം: "ഏറ്റവും പ്രിയപുരുഷാ, ഭയപ്പെടേണ്ടാ; നിനക്കു സമാധാനം! ബലപ്പെട്ടിരിക്ക, ബലപ്പെട്ടിരിക്ക..." (10:19).**

ദാനിയേൽ 10 ൽ തന്റെ അവസാന ദർശനത്തിന്റെ ആരംഭം കുറിക്കുന്നു; ദർശനമാകട്ടെ 11, 12 അദ്ധ്യായങ്ങളിൽ തുടരുന്നു. ഒരു "വലിയ ഏറ്റുമുട്ടലിന്റെ" അറിവാണു ഈ ദർശനത്തിന്റെ പശ്ചാത്തലം നമുക്ക് അറിവു തരുന്നത് (ദാനി 10:1). ദാനിയേൽ 11 ലെ ദർശനം ആ ഏറ്റുമുട്ടലിന്റെ (പോരാട്ടം) വിശദാംശങ്ങളുടെ ഒരു മിന്നൽ വെളിച്ചം നമുക്കു തരുന്നുണ്ട്. അതേ സമയം ദാനിയേൽ 10 അതിന്റെ ആത്മിക മാനങ്ങളെ നമുക്കു നൽകുന്നു. കൂടാതെ, സർവ്വഭൗമിക യുദ്ധരംഗങ്ങളുടെയും പിന്നിലെ സാർവ്വലൗകിക ആത്മിക പോരാട്ടത്തിന്റെ ഒരു വെളിപ്പാടും ഇതു നമുക്കു നൽകുന്നു. ഈ അദ്ധ്യായം നമ്മൾ പഠിക്കുമ്പോൾ നമുക്കു കാണാനാകും, അതായതു നാം പ്രാർത്ഥിക്കുമ്പോൾ, ഒരു വിധത്തിൽ വളരെ നിർണ്ണായകമായ പ്രത്യാഘാതങ്ങളുള്ള ഈ പോരാട്ടത്തിൽ നാം പങ്കുചേരുകയാണ് എന്ന്; പക്ഷേ നമ്മുടെ പോരാട്ടത്തിൽ നാം തനിച്ചായിരിക്കുകയില്ല; നമ്മുടെ ജീവിതത്തിലെ സാത്താനുമായുള്ള പോരാട്ടത്തിൽ യേശു നമ്മോടൊപ്പം ചേരുന്നു. നാം ഏർപ്പെട്ടിരിക്കുന്ന അന്തിമ യുദ്ധം ഭൗമികശക്തികൾക്കെതിരെയല്ല, അന്ധകാര ശക്തികളോടാണെന്നും നമ്മൾ പഠിക്കുന്നതാണ്.

ദാനിയേലിനുശേഷം നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നത്: നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ" (എഫെ. 6:12). ആത്യന്തികമായി, നമ്മുടെ പോരാട്ടത്തിന്റെ വിജയം യേശുക്രിസ്തുവിലാണു; യേശു മാത്രമാണു ക്രൂശിൽ സാത്താനെ തോല്പിച്ചത്.

*ഈ ആഴ്ചയിലെ പാഠം പഠിച്ച് മാർച്ച് 14 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...*

## ഉപവാസവും പ്രാർത്ഥനയും വീണ്ടും

**ദാനിയേൽ 10:1–3 വായിക്കുക. ദാനിയേൽ വീണ്ടും എന്തു ചെയ്യുന്നതായാണു നാം കാണുന്നത്?**

തന്റെ ദീർഘിപ്പിച്ച വിലാപകാല കാരണങ്ങൾ ദാനിയേൽ പറയുന്നില്ല. പക്ഷേ അപ്പോൾ മാത്രം ബാബിലോണിൽനിന്നു പലസ്തീനിലേക്കു മടങ്ങിയ യെഹൂദരുടെ സാഹചര്യം തീക്ഷ്ണമായ ഒരു പക്ഷവാദ ഇടപെടലിനു കാരണം ആയിരിക്കാം.

**എസ്രാ. 4:1–5 വായിക്കുക മടങ്ങി എത്തിയ യെഹൂദർ എന്തു വെല്ലുവിളികളെയാണു നേരിടേണ്ടിവന്നത്?**

മന്ദിരം പുതുക്കിപ്പണിയാൻ പരിശ്രമിച്ച യെഹൂദർ ശക്തമായ എതിർപ്പാണു നേരിടേണ്ടിവന്നതെന്നു എസ്രാ 4:1–5 ൽ നിന്നും നാം മനസ്സിലാക്കുന്നു. പുതുക്കിപ്പണിയുന്ന പ്രവൃത്തി തടയുവാൻ രാജാവിനെ പ്രേരിപ്പിക്കും വിധമാണു ശമര്യാക്കാർ പേർഷ്യൻ കൊട്ടാരത്തിലേക്കു തെറ്റായ വിവരങ്ങൾ അറിയിച്ചത്. അത്തരം പ്രതിസന്ധികളുടെ മുഖത്തു, പ്രവൃത്തി തുടരുവാൻ കോരെശിനെ ദൈവം സ്വാധീനിക്കേണ്ടതിനു വേണ്ടിയാണു ദാനിയേൽ മൂന്നാഴ്ച ദൈവത്തോടു അപേക്ഷിച്ചത്.

ഈ കാലഘട്ടത്തിൽ ദാനിയേലിനു 90 വയസ്സിനടുത്തു പ്രായം ഉണ്ടായിരുന്നിരിക്കാം. പക്ഷേ ദാനിയേലാകട്ടെ തന്നെക്കുറിച്ചു ചിന്തിക്കാതെ തന്റെ ജനത്തെയും അവർ നേരിട്ട വെല്ലുവിളികളെയും കുറിച്ചാണു ചിന്തിച്ചത്. ദൈവത്തിൽനിന്നു എന്തെങ്കിലും മറുപടി ലഭിക്കും വരെ മൂന്നാഴ്ച മുഴുവൻ ദാനിയേൽ പ്രാർത്ഥന തുടർന്നു. ഈ ദിവസങ്ങളിൽ ദാനിയേൽ സ്വാദുഭോജനവും എണ്ണതേക്കുന്നതും ഒഴിവാക്കി മിതമായ ഒരു ഭക്ഷണക്രമമാണു സ്വീകരിച്ചത്. ഈ സമയങ്ങളിൽ ദാനിയേൽ തന്റെ സുഖസൗകര്യങ്ങളെയോ ശരീരപുഷ്ടിയെയോ സംബന്ധിച്ചു ചിന്തിച്ചതേയില്ല; പക്ഷേ ആയിരം മൈലുകൾക്കപ്പുറത്തു യെരൂശലേമിലെ തന്റെ സഹയെഹൂദജനത്തിന്റെ ക്ഷേമത്തെയാണു ദാനിയേൽ പൂർണ്ണമായും ചിന്തിച്ചിരുന്നത്.

ദാനിയേലിന്റെ പ്രാർത്ഥനാജീവിതത്തിലേക്കു നാം നോക്കുമ്പോൾ, വലിയേറിയ ചിലപാഠങ്ങൾ നാം പഠിക്കുന്നു. ഒന്നാമത്, നമ്മുടെ പ്രാർത്ഥനയ്ക്കു വേഗത്തിൽ മറുപടി നൽകപ്പെട്ടില്ലെങ്കിലും നാം നിർബന്ധമായും പ്രാർത്ഥനയിൽ തുടരുക തന്നെ വേണം. രണ്ടാമതു, നാം മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ സമയം എടുക്കണം. പക്ഷവാദ പ്രാർത്ഥനയ്ക്കു സവിശേഷതയുണ്ട്. ഇയ്യോബ് തന്റെ സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം അവനു നഷ്ടമായതൊക്കെ വീണ്ടും നൽകി (ഇയ്യോ. 42:10). മൂന്നാമതു, ദൈവം നിർണ്ണായകവും യാഥാർത്ഥ്യവുമായ ചിലതു ചെയ്യുവാൻ പ്രാർത്ഥന ദൈവത്തെ പ്രേരിപ്പിക്കുന്നു. അതുകൊണ്ടു നാം എല്ലാവിധ പ്രാർത്ഥനകളും എല്ലായ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. അസഹനീയമായ പരിശോധനകളിലും, വൻപ്രശ്നങ്ങളിലും പരിധിയില്ലാത്ത വെല്ലുവിളികളിലും, നമ്മുടെ ഭാരങ്ങളെ നാം പ്രാർത്ഥനയിൽ ദൈവമുമ്പാകെ കൊണ്ടുചെല്ലുക (എഫെ. 6:18).

**ദാനിയേൽ 10:12 വായിക്കുക. ദൈവത്തെക്കുറിച്ചു നമുക്കു നല്ലതു തോന്നും വിധം പ്രാർത്ഥനയെ കേവലം ഉദ്ദേശ്യലക്ഷ്യം മാത്രമാക്കാതെ ആത്മനിഷ്ഠമായ അനുഭവം ആക്കുന്നതിനെക്കുറിച്ചു വാക്യം എന്തു പറയുന്നു?**

## പ്രഭുവിന്റെ ഒരു ദർശനം

**ദാനിയേൽ 10:4–9 വായിക്കുക. ദാനീയേലിനു ഇവിടെ എന്തു സംഭവിച്ചു?**

ദാനിയേൽ തന്റെ അനുഭവം വിവരിക്കുന്നതനുസരിച്ചു, തന്റെ ദർശനത്തിന്റെ നിറഞ്ഞുകവിയുന്ന ഗാംഭീര്യം ചിന്തിക്കാൻ ആകാത്തതാണ്. ആ മനുഷിക പ്രത്യക്ഷത (ദാനി. 10:5,6) സ്വർഗ്ഗീയ ന്യായവിധി ദർശനത്തിലെ (7:13) "മനുഷ്യപുത്രനെ"യാണു ഓർമ്മപ്പെടുത്തുന്നത്. അവന്റെ ശണവസ്ത്രം (Linen) പൗരോഹിത്യ വസ്ത്രത്തിന്റെ ഓർമ്മ നൽകുന്നു (ലേവ്യ. 16:4). സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തോടു ബന്ധപ്പെട്ടു (ദാനി. 8) "സൈന്യങ്ങളുടെ അധിപതി" ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. രാജകീയ അന്തസ്സത്തയുടെ അടയാളം എന്നവണ്ണം സ്വർണ്ണം പൗരോഹിത്യ ചിഹ്നവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവസാനമായി, മിന്നൽ, അഗ്നി, താമ്രവർണ്ണം, ഗംഭീരമായ ശബ്ദം എന്നിങ്ങനെയുള്ള സാദൃശ്യങ്ങൾ ഈ രൂപത്തെ അമാനുഷികമാക്കുന്നു. പൗരോഹിത്യപരവും രാജകീയവും സൈനികവുമായ സവിശേഷതകൾ ഉള്ള ഒരുവൻ ആണിത്. യെരീഹോവിന് എതിരെയുള്ള യുദ്ധത്തിനു മുമ്പു (യോശുവ 5:13,14) യോശുവയ്ക്കു പ്രത്യക്ഷപ്പെട്ട "യഹോവയുടെ സൈന്യത്തിന്റെ അധിപതി"യുടെ സവിശേഷമായ സമാനതകൾ ഈ രൂപവും പ്രദർശിപ്പിക്കുന്നു. യഹോവയുടെ സൈന്യത്തിന്റെ അധിപതിയെ യോശുവ ദർശനത്തിൽ കണ്ടു. "അധിപതി" (Commander) എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന എബ്രായ പദം (Sar) തന്നെയാണ് ഇവിടെ "പ്രഭു" (Prince) എന്നു പരിഭാഷപ്പെടുത്തപ്പെട്ടിരിക്കുന്നത്. അതു മീഖായേലുമായി ബന്ധപ്പെട്ടിരിക്കുന്നു (ദാനി. 10:21). എന്നാൽ ദാനിയേലിനും യോഹന്നാനും ഇടയിൽ കൂടുതൽ അടുത്ത സമാനതകൾ സംഭവിക്കുന്നു.

**ദാനിയേൽ 10 ലെ ദൈവത്തിന്റെ ദർശനവും, യോശുവ 5:13–15 ലെയും വെളിപ്പാട് 1:12–18 ലെയും ദർശനങ്ങളും തമ്മിലുള്ള എന്തു സമാനതകളാണു നാം കാണുന്നത്?**

ദാനിയേൽ പറയുന്നതനുസരിച്ചു, ദാനിയേലിന് ഒപ്പം ഉണ്ടായിരുന്നവരെല്ലാം പരിഭ്രമിച്ചു, ദാനിയേൽ മാത്രം ബലം ക്ഷയിച്ചു തളർന്നുവീണു. ദൈവസാന്നിദ്ധ്യത്തിന്റെ ആ പ്രകടനം സംഭ്രമജനകമായിരുന്നു. എന്നാൽ, ദാനിയേലിന്റെ അന്നേരത്തെ ഭയം എന്തുതന്നെ ആയിരുന്നാലും ദൈവമാണു ചരിത്രത്തെ നിയന്ത്രിക്കുന്നതെന്നു ദർശം കാട്ടിത്തരുന്നു. ദർശനം വെളിപ്പെടുത്തുംപോലെ, ദൈവം ദാനീയേലിനു തന്റെ കാലം മുതൽ ദൈവ രാജ്യത്തിന്റെ സ്ഥാപനം വരെയുള്ള മനുഷ്യ ചരിത്രത്തിന്റെ ഒരു രൂപരേഖ നൽകി (ദാനി. 11,12).

**ദാനിയേലിൽ നാം വീണ്ടും കണ്ടതുപോലെ, ദൈവത്തിനു മനുഷ്യ ചരിത്രത്തെ നിയന്ത്രിക്കുവാൻ കഴിയുമെങ്കിൽ നമ്മുടെ ഓരോരുത്തരുടെയും ജീവിതങ്ങൾക്കുവേണ്ടി ദൈവത്തിന് എന്തു ചെയ്യാൻ കഴിയും?**

## ഒരു ദൂതൻ തൊട്ടു

**ദാനിയേൽ 10:10-19 വായിക്കുക. ഓരോ പ്രാവശ്യവും ദൂതൻ ദാനിയേലിനെ തോട്ടപ്പോൾ എന്തു സംഭവിച്ചു?**

ദിവ്യപ്രകാശത്തിന്റെ പ്രഭയിൽ ആമഗ്നനായി പ്രവാചകൻ വീണു. പിന്നെ അവനെ തൊട്ടു ആശ്വസിപ്പിക്കുവാനായി ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു. നാം വിവരണം വായിക്കുമ്പോൾ, ദൂതൻ ദാനിയേലിനെ മൂന്നു പ്രാവശ്യം തൊടുന്നതു ശ്രദ്ധിക്കണം.

ആദ്യം തൊട്ടപ്പോൾ ദാനിയേലിനു നിവർന്നു നിൽക്കുവാനും സ്വർഗ്ഗത്തിൽ നിന്നുള്ള ആശ്വാസവാക്കുകൾ കേൾക്കുവാനും കഴിഞ്ഞു: "ദാനിയേലേ, ഭയപ്പെടേണ്ടാ; നീ തിരിച്ചറിയേണ്ടതിനും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നെ താഴ്ത്തേണ്ടതിനും മനസ്സുവെച്ച ആദ്യ ദിവസം മുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു; നിന്റെ വാക്കു ഹേതുവായിത്തന്നെ ഞാൻ വന്നുമിരിക്കുന്നു" (ദാനി. 10:12). ദാനിയേലിന്റെ പ്രാർത്ഥന സ്വർഗ്ഗത്തെ ചലിപ്പിച്ചു. ദൈവം നമ്മുടെ പ്രാർത്ഥനകൾ കേൾക്കുന്നു എന്നതിന് ഇതു നമുക്കൊരു ഉറപ്പാണ്. ദുർഘടകാലങ്ങളിൽ അതു വലിയ ആശ്വാസവുമാകും.

രണ്ടാമതു തൊട്ടപ്പോൾ ദാനിയേലിനു സംസാരിക്കാൻ കഴിഞ്ഞു. പ്രവാചകൻ തന്റെ ദൈവമുമ്പാകെ വാക്കുകൾ കോരിച്ചൊരിഞ്ഞു; അതിലൂടെ അവൻ തന്റെ ഭയവും വികാരവുമെല്ലാം വെളിപ്പെടുത്തി: "എന്റെ യജമാനനേ, ഈ ദർശനം നിമിത്തം എനിക്കു അതിവേദന പിടിപെട്ടു ശക്തിയില്ലാതായിരിക്കുന്നു. അടിയനു യജമാനനോടു സംസാരിപ്പാൻ എങ്ങനെ കഴിയും? എനിക്കു പെട്ടെന്നു ശക്തി ഇല്ലാതായി ശ്വാസം ശേഷിച്ചിരിപ്പില്ല എന്നു പറഞ്ഞു" (ദാനി. 10:16-17). അങ്ങനെ ദൈവം നമ്മോടു സംസാരിക്കുക മാത്രമല്ല, നമ്മുടെ വിചാരങ്ങളും, ആവശ്യങ്ങളും പ്രതീക്ഷകളും പറയത്തക്കവിധം ദൈവം നമ്മുടെ അധരങ്ങളെ തുറക്കുകയും ചെയ്യുന്നു.

മൂന്നാമതു തൊട്ടപ്പോൾ, ശക്തിലഭിച്ചു. ദാനിയേലിനു തന്റെ അപര്യാപ്തത (ശക്തിയില്ലായ്മ) ബോദ്ധ്യമായപ്പോൾ ദൂതൻ അവനെ തൊട്ടു ദൈവത്തിന്റെ സമാധാനം കൊണ്ടു അവനെ ആശ്വസിപ്പിച്ചു: "ഏറ്റവും പ്രിയനായ പുരുഷാ, ഭയപ്പെടേണ്ടാ; നിനക്കു സമാധാനം! ബലപ്പെട്ടിരിക്ക, ബലപ്പെട്ടിരിക്ക എന്നു പറഞ്ഞു" (ദാനി. 10:19). ദാനിയേലിന്റെ പ്രാർത്ഥനയ്ക്കു മറുപടിയുമായി ദൂതൻ അയയ്ക്കപ്പെടുകയും അവനു ഉൾക്കാഴ്ചയും തിരിച്ചറിവും നൽകപ്പെടുകയും ചെയ്തു. മറ്റു വാക്കുകളിൽ, യെരൂശലേമിലെ അപ്പോഴത്തെ ദുഃസ്ഥിതിയിൽ ദുഃഖിച്ചും ധ്യാനിച്ചും കൊണ്ടുള്ള ദാനിയേലിന്റെ പ്രാർത്ഥനയ്ക്കുമേൽ അവനെ ധൈര്യപ്പെടുത്തുന്നതിനു ഉദ്ദേശിക്കപ്പെട്ടുള്ള ദർശനമാണ് അദ്ധ്യായം 11 ൽ വരുന്നത്. ദൈവം നമ്മുടെ വശത്തുള്ളപ്പോൾ, നാം കഷ്ടദുഃഖങ്ങൾ അനുഭവിച്ചാലും നമുക്കു സമാധാനപ്പെടാൻ കഴിയും. ദൈവത്തിന്റെ സ്നേഹാർദ്രമായ സ്പർശനം പ്രത്യാശയോടെ ഭാവിയിലേക്കു നോക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു.

**"നമ്മുടെ സാധാരണ ജീവിതവഴികളിൽ, സ്വർഗ്ഗം നമുക്കു വളരെ അടുത്തായിരിക്കും" (The Desire of Ages, p. 48). സ്വർഗ്ഗവും ഭൂമിയും എത്രമാത്രം അടുത്തായിരിക്കുന്നു എന്നു എപ്പോഴൊക്കെ നിങ്ങൾ ചിന്തിക്കുന്നു? ഈ സത്യം മനസ്സിൽ സൂക്ഷിച്ചു എത്ര വ്യത്യസ്തമായി ജീവിക്കാൻ നിങ്ങൾക്കു കഴിയും?**

## ഒരു വലിയ യുദ്ധം

**ദാനിയേൽ 10:20,21 വായിക്കുക. 'ദാനിയേലിന് എന്താണു വെളിപ്പെടുത്തപ്പെട്ടത്?**

സ്വർഗ്ഗത്തിൽനിന്നുള്ള ദൂതൻ തിരശ്ശീല ഒരു വശത്തേക്കു നീക്കിക്കൊണ്ടു, മാനവചരിത്രത്തിന്റെ ദൃശ്യങ്ങൾക്കു പിന്നിൽ സംഭവിക്കുന്ന സാർവ്വഭൗമിക യുദ്ധത്തിന്റെ സന്നാഹങ്ങളെ ദാനിയേലിനു വെളിപ്പെടുത്തി കൊടുത്തു. ദാനിയേൽ പ്രാർത്ഥിക്കുവാൻ തുടങ്ങിയപ്പോൾ തന്നെ, സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ഒരു ആത്മിക യുദ്ധം ആരംഭിച്ചു. യെരൂശലേമിലെ വിശുദ്ധമന്ദിരത്തിന്റെ പുതുക്കിപ്പണി തുടരുവാൻ യെഹൂദരെ അനുവദിക്കേണ്ടതിനു സ്വർഗ്ഗീയ ജീവികൾ പേർഷ്യൻ രാജാവുമായി ഒരു പോരാട്ടം തുടങ്ങി. പേർഷ്യൻ രാജാവു കോരെശ് ആയിരുന്നെന്നു ദാനിയേൽ 10 ന്റെ തുടക്കത്തിൽനിന്നു നമുക്കറിയാം. യെഹൂദന്മാർ ദൈവാലയം പുതുക്കിപ്പണിയുന്നതു തടയുവാൻ കോരെശ്ശിനെ പ്രേരിപ്പിച്ചുകൊണ്ട് ഒരു ആത്മിക മദ്ധ്യവർത്തി രാജാവിനു പിന്നിൽ നിൽപുണ്ടായിരുന്നു എന്നാന്ന് ഇതു സൂചിപ്പിക്കുന്നത്.

യെഹെസ്കേൽ 28 ലും ഇതുപോലെ സോർ രാജാവിന്റെ പിന്നിലെ ആത്മിക ശക്തി സാത്താനായിരുന്നു. അതുകൊണ്ടു, മിഖായേൽ പേർഷ്യൻ രാജാവിനോടു യുദ്ധം ചെയ്യാൻ വന്നപ്പോൾ ആ യുദ്ധത്തിൽ സാത്താനും അവന്റെ ദൂതന്മാരും ഉൾപ്പെട്ടിരുന്നു എന്നതിൽ ആശ്ചര്യമില്ല. യെരൂശലേമിലെ ദൈവാലയം പുതുക്കി പണിയുന്നതിനു മാനുഷിക എതിർപ്പ് ഉണ്ടായതിൽ ആത്മിക മണ്ഡലത്തിലെ ഒരു എതിർകക്ഷികൂടി ഉണ്ടായിരുന്നു എന്നാണ് അതു കാണിക്കുന്നത്.

**ദാനിയേൽ 10:13 വായിക്കുക. എങ്ങനെയുള്ള ഒരു യുദ്ധമാണ് ഇവിടെ വിവരിക്കപ്പെട്ടിരിക്കുന്നത്?**

മീദോ - പേർഷ്യൻ രാജ്യത്തിന്റെ പരമോന്നത അധികാരശക്തികളെ സ്വാധീനിച്ചു, ദൈവജനത്തോടു അതൃപ്തി കാട്ടുവാൻ സാത്താൻ കഠിനപ്രയത്നം ചെയ്തുകൊണ്ടിരിക്കെ, സ്വർഗ്ഗത്തിലെ മാലാഖമാർ പ്രവാസികൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്നു. സംവാദത്തിൽ മുഴുവൻ സ്വർഗ്ഗത്തിനും താല്പര്യം ഉണ്ടായിരുന്നു. നന്മയുടെ ശക്തികളും തിന്മയുടെ ശക്തികളും തമ്മിലുള്ള അതിശക്തമായ പോരാട്ടത്തിന്റെ ഒരു ചെറിയ കാഴ്ചപ്പാടു പ്രവാചകനായ ദാനിയേലിലൂടെ നമുക്കും നൽകപ്പെട്ടിരിക്കുന്നു. കോരെശിന്റെ മനസ്സിലെ സ്വാധീന ശക്തികളെ പ്രതിരോധിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടു ഗബ്രീയേൽ മൂന്നാഴ്ച അന്ധകാരശക്തികളോടു പോരാടി. മത്സരം അവസാനിക്കുന്നതിനു മുമ്പു ക്രിസ്തു തന്നെ ഗബ്രീയേലിനു സഹായത്തിനായി വന്നു. പാർസി രാജ്യത്തിന്റെ പ്രഭു ഇരുപത്തൊന്നു ദിവസം എന്നോടു എതിർത്തു നിന്നു; എങ്കിലും പ്രധാന പ്രഭുക്കന്മാരിൽ ഒരുത്തനായ മീഖായേൽ എന്നെ സഹായിപ്പാൻ വന്നു. അവനെ ഞാൻ അവിടെ വിട്ടേച്ചു... ഇപ്പോൾ വന്നിരിക്കുന്നു (ദാനി. 10:13). ദൈവജനത്തിനുവേണ്ടി സ്വർഗ്ഗത്തിനു ചെയ്യാൻ കഴിഞ്ഞതൊക്കെ ചെയ്തു. ഒടുവിൽ വിജയം നേടി.

കോരെശിന്റെ കാലത്തൊക്കെയും, അവന്റെ മകൻ ഏഴരവർഷം ഭരിച്ച കാംബിസെസ്സിന്റെ കാലത്തും, ശത്രുവിന്റെ ശക്തികളെ പ്രതിരോധിച്ചു നിർത്തി." Prophets and Kings, pp. 571, 572.

## വിജയിയായ പ്രഭു

ദാനീയേലിന്റെ പുസ്തകത്തിലെ സർവ്വപ്രധാനമായ കഥാപാത്രം, ആദ്യം "മനുഷ്യപുത്രൻ" (ദാനി. 7:13) എന്നും അല്ലെങ്കിൽ "സൈന്യത്തിന്റെ അധിപതി" (8:11) എന്നും വിളിക്കപ്പെട്ട വ്യക്തിയാണ്. കാലക്രമത്തിൽ അവന്റെ പേർ "മീഖായേൽ" ദൈവത്തെ പോലുള്ളവൻ ആണെന്നു നാം പഠിച്ചു. പേർഷ്യയുടെ രാജാവുമായുള്ള സംവാദത്തിൽ ഗബ്രീയേലിനെ സഹായിക്കുന്നതിനു മീഖായേൽ വന്നു (10:13). ഈ സ്വർഗ്ഗീയ ജീവിയെ "നിങ്ങളുടെ പ്രഭുവായ മീഖായേൽ" എന്നു ഗബ്രീയേൽ പരാമർശിച്ചു (10:21). ദൈവത്തിന്റെ ജനത്തിനുവേണ്ടി നിലകൊള്ളുന്നവൻ എന്ന വിധം പിന്നീടു ദാനിയേലിന്റെ പുസ്തകത്തിൽ മീഖായേൽ പ്രത്യക്ഷപ്പെടുന്നു (12:1). യൂദാ 9 ൽ, പ്രധാനദൂതൻ എന്നു വിളിക്കപ്പെടുന്ന മീഖായേൽ സാത്താനോടു യുദ്ധം ചെയ്തു മോശെയെ ഉയിർപ്പിച്ചതായി നാം പഠിക്കുന്നു. മീഖായേൽ സ്വർഗ്ഗീയ സൈന്യത്തിന്റെ നായകനായി നിന്നുകൊണ്ടു, സാത്താനെയും അവന്റെ വീണുപോയ ദൂതന്മാരെയും പരാജയപ്പെടുത്തുന്നതായി വെളിപ്പാടു 12:7 വെളിപ്പെടുത്തുന്നു. അങ്ങനെ, മീഖായേൽ യേശുക്രിസ്തു അല്ലാതെ മറ്റാരുമല്ല. ദൈവജനത്തിനുവേണ്ടി സാർവ്വലൗകിക യുദ്ധത്തിൽ പൊരുതുന്നതിനും യുദ്ധവിജയം നേടുന്നതിനുമായി അവരുടെ സർവ്വ സൈന്യാധിപനായി മീഖായേൽ കടന്നുവരുന്നു.

**കൊലൊസ്സ്യർ 2:15 വായിക്കുക. യേശു എങ്ങനെയാണു പ്രപഞ്ചയുദ്ധത്തിൽ വിജയം നേടിയത്?**

ദുഷ്ടാത്മസേനയെ നേരിടുമ്പോൾ, നമ്മുടെ നായകനായ (Champion) യേശുവിൽ നമുക്കു വിശ്വാസം അർപ്പിക്കാം. യേശു തന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ സാത്താനെ പരാജയപ്പെടുത്തി. ഭൗമിക ജീവകാലത്തു സാത്താൻ പരീക്ഷകൊണ്ടു മരുഭൂമിയിൽ കൊല്ലുവാൻ ശ്രമിച്ചപ്പോൾ യേശു അവനെ പരാജയപ്പെടുത്തി. ഭൂതസംഘങ്ങളോടു പൊരുതി, അന്ധകാരത്തിന്റെ അധികാരശക്തികളിൽനിന്നു യേശു മനുഷ്യരെ മോചിപ്പിച്ചു. കാൽവറിയിലേക്കു നീങ്ങുന്നതിൽനിന്നു പിന്തിരിപ്പിക്കുവാൻ പത്രൊസിന്റെ ചിന്തയിൽ ഉണ്ടായ കപടശ്രമത്തിൽ യേശു ദുഷ്ടനെ ജയിച്ചു. തന്റെ ശിഷ്യന്മാരോടുള്ള അന്ത്യവാക്കുകളിൽ, തനിക്കു പെട്ടെന്നു ഉണ്ടാകുവാനിരുന്ന മരണത്തെ ഒരു യുദ്ധമായും അതു സാത്താന്റെ മേൽ നിർണ്ണായകമായ ഒരു വിജയം ആകുമെന്നും യേശു പറഞ്ഞു: "ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളിക്കളയും. ഞാനോ ഭൂമിയിൽനിന്നു ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്കു ആകർഷിക്കും" (യോഹ. 12:31,32).

അക്രമം, അസാന്മാർഗികത, അഴിമതി, രോഗങ്ങൾ എന്നിവ എവിടെയും പൊന്തിവരുന്നു. ശത്രു എല്ലാ വശങ്ങളിൽനിന്നും നമ്മെ മൃഗീയമായി ആക്രമിക്കുന്നു. നാം പൊരുതേണ്ടിവരുന്ന യുദ്ധം എത്ര കഠിനം ആയിരുന്നാലും, യേശു നമുക്കുവേണ്ടി പോരാടുകയും സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിൽ നമ്മുടെ പ്രഭുവും മഹാപുരോഹിതനുമായി നിലകൊള്ളുകയും ചെയ്യുന്നു.

**റോമർ 8:37-39 വായിക്കുക. നമ്മുടെ സ്വന്തം ക്രിസ്തീയ ജീവിത അനുഭവങ്ങളിൽ വാഗ്ദത്തപ്രകാരം ജയാളി എന്ന് എങ്ങനെ ഉറപ്പാക്കാൻ കഴിയും?**

## കൂടുതൽ പഠനം:

"ഗബ്രീയേൽ മൂന്നാഴ്ച കോരെശിന്റെ മനസ്സിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്വാധീനത്തിനു വിപരീതമായി അന്ധകാരശക്തികളുമായി പൊരുതിക്കൊണ്ടിരുന്നു... ദൈവജനത്തിന്റെ ഭാഗത്തു സ്വർഗ്ഗത്തിനു ചെയ്യാൻ കഴിയുന്നതൊക്കെ നിർവ്വഹിക്കപ്പെട്ടു. അന്തിമമായി വിജയം നേടി. കോരെശിന്റെ കാലത്തും അദ്ദേഹത്തിന്റെ മകൻ കാംബിസസ്സിന്റെ നാളുകളിലൊക്കെയും ശത്രുവിന്റെ ശക്തികളെ അവൻ തടഞ്ഞു നിർത്തി."– Prophets and Kings, p. 572.

"സ്വർഗ്ഗത്തിന്റെ രാജപ്രതാപം ദാനിയേലിന് എത്ര വലിയ ബഹുമതിയാണു കാണിച്ചത്! അവിടുന്നു തന്റെ വിറയാർന്ന ദാസനെ ആശ്വസിപ്പിക്കുകയും അവന്റെ പ്രാർത്ഥന സ്വർഗ്ഗത്തിൽ കേട്ടിരിക്കുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. തീക്ഷ്ണമായ പ്രാർത്ഥനയ്ക്ക് ഉത്തരമായി, പേർഷ്യൻ രാജാവിന്റെ ഹൃദയത്തെ സ്വാധീനിക്കുന്നതിനായി ഗബ്രീയേൽ മാലാഖ അയയ്ക്കപ്പെട്ടു. ദാനിയേൽ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്ന മൂന്നാഴ്ചകളിൽ ചക്രവർത്തി ദൈവത്തിന്റെ ആത്മാവിന്റെ സ്വാധീന ശ്രമങ്ങളെയൊക്കെ ചെറുത്തുകൊണ്ടിരുന്നപ്പോൾ. ദാനിയേലിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകേണ്ടതിനു സ്വർഗ്ഗത്തിന്റെ പ്രഭു, പ്രധാന ദൂതൻ, മീഖായേൽ, ശാഠ്യക്കാരനായ രാജാവിന്റെ ഹൃദയത്തെ നിശ്ചിതമായ നടപടിക്കുവേണ്ടി തിരിക്കുന്നതിനായി അയയ്ക്കപ്പെട്ടു." Ellen White, The Sanctified Life, p. 51.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. **ക്രിസ്തീയ ചരിത്രത്തിൽ ആദ്യമായി ഈ സത്യം കണ്ടെത്തിയതു നാം അല്ലെങ്കിലും, സെവന്ത്ഡേ അഡ്വന്റിസ്റ്റുകളായ നാം "വൻവിവാദം" (വൻപോരാട്ടം) എന്ന ആശയത്തെ, അതായത്, ക്രിസ്തുവും സാത്താനും തമ്മിലുള്ള ഐതിഹാസികമായ പ്രപഞ്ചപോരാട്ടത്തിൽ അഖിലാണ്ഡം മുഴുവൻ ഭാഗഭാക്കുകളാണെന്ന ആശയത്തെ ശക്തമായി പിന്തുണയ്ക്കുന്നവരാണ്. മറ്റുള്ളവർ, മതനിരപേക്ഷർ ആയവർപോലും, നാം എല്ലാവരും മുങ്ങിക്കിടക്കുന്നതായ ഒരു തരം യുദ്ധത്തിന്റെ വാസ്തവികതയെക്കുറിച്ചു സംസാരിക്കുന്നുണ്ട്. വൻവിവാദത്തിൽ നിങ്ങളുടെ അനുഭവം എന്താണ്? നിങ്ങളുടെ സ്വന്തം ജീവിതത്തിൽ അതു നിങ്ങൾ എങ്ങനെ കാണുന്നു? മറ്റുള്ളവരെ ഇക്കാര്യത്തിൽ നിങ്ങൾക്കു എങ്ങനെ സഹായിക്കാനാകും?**

2. **എഫെസ്യർ 6:10–18 വായിക്കുക. പൗലൊസിന്റെ സൈനിക സങ്കല്പം ശ്രദ്ധിക്കുക. വൻപോരാട്ടത്തിൽ നമുക്കു എന്തൊക്കെ "യുദ്ധതന്ത്രങ്ങളാണു" നൽകപ്പെട്ടിരിക്കുന്നത്?**

3. **ദാനിയേൽ 10:11 ൽ രണ്ടാം പ്രാവശ്യവും ദാനിയേൽ (Hamudot) ഹമുദോത്ത്, അല്ലെങ്കിൽ "പ്രിയനായവൻ" എന്നു വിളിക്കപ്പെട്ടിരിക്കുന്നു (9:23 കാണുക). സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ബന്ധത്തെ, വൈകാരികമായ ബന്ധം ആയാലും, ഇതിനെ സംബന്ധിച്ച് എന്താണു നമ്മോടു പറയുന്നത്? ആധുനിക ലോകത്തിന്റെ നിരീശ്വര കാഴ്ചപ്പാടുകളിൽനിന്ന് ഇത് എത്രമാത്രം വ്യത്യസ്തമായിരിക്കുന്നു? ദാനിയേലിന്റെ ഈ അനുഭവം നമുക്ക് എന്തു പ്രയോജനം ചെയ്യുന്നു?**